# സാന്റാക്ലോസാവാൻ ട്രെയ്നിങ് സെന്റർ, പേര് സാന്റാ യൂണിവേഴ്സിറ്റി

**ജോർജ് തുമ്പയിൽ**
ന്യൂയോർക്ക്

നിരത്തുകളിലും ഷോപ്പിങ് സെന്ററിലും എന്നു വേണ്ട എവിടെയും സാന്റാക്ലോസ് സാന്നിധ്യമുള്ള സീസൺ ആണിത്. സാന്റാ ആയി വേഷമിട്ടാൽ നല്ല പണം കിട്ടുന്ന കാലമാണ്. അതു കൊണ്ട് തന്നെ ക്രിസ്മസ് അപ്പൂപ്പനാവാൻ നിരവധി പേർ രംഗത്തെത്തും. എന്നാൽ മാളുകളിലും ആഘോഷവേദികളിലുമൊക്കെ എത്തണമെങ്കിൽ വെറുതെ വേഷം കെട്ടി നിന്നിട്ടു കാര്യമില്ല. വരുന്ന കസ്റ്റമേഴ്സിനെ സന്തോഷിപ്പിക്കാനാവണം. ഇത്തരത്തിൽ സാന്റാക്ലോസ് ട്രെയ്നിങ് കഴിഞ്ഞവർക്ക് അമേരിക്കയിൽ നല്ല ഡിമാന്റാണ്. സാന്റാക്ലോസിനു ട്രെയ്നിങ്ങോ? അമ്പരക്കേണ്ട, അത്തരത്തിൽ ട്രെയിനിങ്ങുമായി ക്രിസ്മസ് കാലത്ത് എത്തുന്ന ഒരു കമ്പനിയെക്കുറിച്ചുള്ള വാർത്ത കേൾക്കൂ. വെറും സാന്റാക്ലോസായി വേഷമിടുന്നതിനേക്കാൾ നല്ല പ്രൊഫഷണൽ സാന്റാ ആയി മാറ്റാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ നാലു ദിവസം നീണ്ട മികച്ച പരിശീലനമാണ് കോളോയിലെ വെസ്റ്റ് മിനിസ്റ്ററിൽ നടക്കുന്നത്. ഈ പരിശീലന കേന്ദ്രത്തിന്റെ ചെല്ലപ്പേര് സാന്റാ സർവ്വകലാശാല എന്നാണ്.

ക്രിസ്മസ് കാലത്തോടനുബന്ധിച്ച് എല്ലാ വർഷവും ഇത്തരത്തിൽ പരിശീലനം നടക്കുന്നുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എണ്ണൂറോളം ക്രിസ്മസ് അപ്പൂപ്പന്മാർക്കാണ് ഈ പരിശീലനകേന്ദ്രത്തിൽ പ്രവേശനം. കാഴ്ചയിൽ തന്നെ സാന്റാക്ലോസിന്റെ മുഖഛായ വേണമെന്നത് നിർബന്ധം. താടിയില്ലാതെ ഒരു രക്ഷയുമില്ല. ഓയിൽ ഫീൽഡ് വർക്കേഴ്സ്, ബസ് ഡ്രൈവർമാർ, വക്കീലന്മാർ, സെയിൽസ്മാൻമാർ എന്നിങ്ങനെ വിവിധ തുറകളിൽ നിന്നുള്ളവർ ഇവിടേക്കു പരിശീലനത്തിനായി എത്തുന്നു. നാലു ദിവസം നീണ്ടു നിൽക്കുന്ന കോഴ്സ് കഴിയുന്നതോടെ പലരും പ്രൊഫഷണൽ ക്രിസ്മസ് അപ്പൂപ്പന്മാരായി മാറും. വേഷത്തിൽ മാത്രമല്ല, സ്വഭാവത്തിലും ഇടപെലിലുമെല്ലാം സന്തോഷത്തിന്റെയും കരുണയുടെയും നന്മയുടെയും പ്രതീകമായ സാന്റാക്ലോസിനെ പോലെ വേഷപ്പകർച്ച നടത്താൻ കഴിയുമത്രേ.

ഇവിടെ എത്തുന്നവരിൽ പലരും ബാച്ചിലർമാർ തന്നെ. എന്നാൽ ചിലർ കല്യാണം കഴിച്ച് ജീവിതത്തിലും മുത്തച്ഛന്മാരാണ്. ഇവരെ പരിശീലിപ്പിക്കുന്നവരാവട്ടെ, നല്ല പട്ടാളചിട്ടയോടെ കാര്യങ്ങളറിയുന്ന ഓഫീസേഴ്സും. പരിശീലനം അറിയപ്പെടുന്നത് ചെറിഹിൽ പ്രോഗ്രാം എന്ന പേരിലാണ്. കഴിഞ്ഞ ചില വർഷങ്ങളായി സാന്റാ സർവ്വകലാശാല എന്നു കേൾക്കുന്നുണ്ടെങ്കിലും വാർത്തിയിലാവുന്നത് ഇപ്പോഴാണ്. ഷോപ്പിങ് മാളുകളിലും നഗരവീഥികളിലും ആഘോഷങ്ങളിലും പങ്കെടുക്കാനായാണ് ഇത്തരം സാന്റാ ക്ലോസുമാർ തീവ്രപരിശീലനത്തിൽ ഏർപ്പെടുന്നത്. ആരോഗ്യസംരക്ഷണം, മേയ്ക്കപ്പ്, ഭക്ഷണം തുടങ്ങി കരയുന്ന കുട്ടികളെ സന്തോഷിപ്പിക്കൽ മുതൽ ആളെക്കൂട്ടുന്ന പരിപാടി വരെ എങ്ങനെ പ്രൊഫഷണൽ ടച്ചോടു കൂടി നടത്താമെന്ന് ഇവിടെ പഠിപ്പിക്കുന്നു.

സാന്റാസ്യൂട്ടിൽ കയറിയാൽ പിന്നെ തിരിച്ച് ഇറങ്ങാൻ സമയമെടുക്കും എന്നതു കൊണ്ട് ഊർജ്ജം നിറയുന്ന ഭക്ഷണം കഴിക്കുന്നതും ട്രെയ്നിങ്ങിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും കണ്ടാൽ സാന്റാക്ലോസിനെ പോലെയിരിക്കുന്നവരെയൊന്നും സാന്റാ സർവ്വകലാശയിൽ കയറ്റില്ലെന്നു മുഖ്യ പരിശീലകൻ ജൂഡി നോർ പറയുന്നു. അതിനു ചില മാനദണ്ഡങ്ങളുണ്ട്. കാഴ്ചയിൽ മാത്രമല്ല സ്വഭാവത്തിലും ഇതു പ്രകടമാകണം. നല്ല ചിരി, മൂന്നു നാലു ഭാഷകൾ കൈകാര്യം ചെയ്യണം ഒപ്പം നല്ല ശരീരഭാഷയും ഉണ്ടെങ്കിലെ ഇവിടെ പ്രവേശനം നേടാനാവൂ. ഇവിടുത്തെ പരിശീലനത്തിനു ശേഷം സാന്റയുടെ വേഷമിട്ട് ആയിരങ്ങൾ സമ്പാദിക്കുന്നവർ അനേകമുണ്ടത്രേ. അതു തന്നെയാണ്, സാന്റാ സർവ്വകലാശാലയുടെ വിജയവും.